



# ജ്വാല 2019




എസ്സ്.എം.എച്ച്.എസ്സ്.എസ്സ്.കൊട്ടറ

# ശങ്കരമംഗലം ഹയർസെക്കന്ററി സ്കൂൾ

## കൊട്ടറ

# ജ്വാല 2019

## ലിറ്റിൽ കൈറ്റ്സ്

### ഐ ടി ക്ലബ്

നമ്പർ LK/2018/39030

# ആശംസകളോടെ....

കൊട്ടറ ശങ്കരമംഗലം ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റി ന്റെ ആഭിമുഖ്യത്തിൽ ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് " ജ്വാല 2019 " എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്ന വിവരം അറിഞ്ഞു. കുട്ടികൾ നടത്തുന്ന ഈ പ്രവർത്തനത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

Minigeorge
Headmistress

ആശംസകളോടെ....

ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഡിജിറ്റൽ മാഗസീൻ ജ്വാല 2019 ന് എല്ലാവിധ ആശംസകളും നേരുന്നു.

Nidheesh .T
Kite Master

ആശംസകളോടെ....

നവയുഗ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ലിറ്റിൽ കൈറ്റ് യൂണിറ്റ് നിർമ്മിക്കുന്ന ഡിജിറ്റൽ മാഗസീൻ ജ്വാല 2019 ന് എല്ലാവിധ ആശംസകളും നേരുന്നു.

Rekha .T.R

Kite Mistress

# എഡിറ്റോറിയൽ.....


പ്രിയ വിദ്യാർത്ഥികളെ വിദ്യാഭ്യാസം എന്നത് വെറും പഠനം മാത്രമല്ല അതിൽ സാഹിത്യത്തിനും കലയ്ക്കും തുല്യ പ്രാധാന്യമുണ്ട്. കുട്ടികളിൽ മാനുഷിക മൂല്യങ്ങൾ വളർത്തുന്നതിനും വ്യക്തിത്വ വികസനത്തിനും ഇവ വളരെയേറെ പ്രയോജനം ചെയ്യുന്നുണ്ട്. ജ്വാല 2019 ലൂടെ നിങ്ങളുടെ ഭാവനകൾ ചിറകുവിരിക്കാൻ കഴിയട്ടെ എന്നാശംസിക്കുന്നു.

Chief Editor
Anjali .S

## താളുകളിലൂടെ


എൻ മനസ്സറിഞ്ഞ മഴക്കാലം ..........................................7
കിളിക്കൂട് ..........................................8
ആർജ്ജവം ..................................... 13
ഡിസാസ്റ്റർ മാനേജ്മെൻറ് ഇൻ കേരള .......................................15
ദി ഷേഡ് ഓഫ് ലവ് ...................................... 16
സൺ റൈസ് ...................................... 17
ചങ്ങമ്പുഴയുടെ കാൽപനികത ...................................... 19
മൂൺലൈറ്റ് ..........................................23
ഇംഗ്ലീഷ് ലാങ്ഗ്വേജ് ഇൻ സ്കൂൾ
എഡ്യൂക്കേഷൻ .........................................24
കാലം തിരികേ വരുമോ .......................................26

# എൻ മനസ്സറിഞ്ഞ മഴക്കാലം



ഞാൻ നിന്നെ അറിയുമ്പോൾ
മാഞ്ഞു പോയ മഴക്കാലമേ നീ
ഒരു വട്ടം കൂടി നീ എന്നിലെത്തുമ്പോൾ
കെട്ടിപ്പുണരുവാൻ മോഹമായ്
എൻ ഹൃദയം നിറഞ്ഞുനിൻ ഓർമകൊണ്ട്
മനസ്സിൽ മുറിവേൽക്കുമ്പോൾ നീ
എൻ അരികത്ത് വന്നിടുമോ.
എൻ പുലർ പുഞ്ചിരി നിൻ പദസ്വപ്നമായി
എന്നും മാറിടേണം.
എന്നരികത്തു നീ വന്നണയുമ്പോൾ
സന്തോഷമാണെന്റെ മനസ്സ നിറയെ
നിന്റെ ഹൃദയം ഞാനറിയുമ്പോൾ
നീ എന്നരികത്ത് വന്നിടേണം
മഴക്കാലമേ നീ എന്നും എന്നും എന്നോടൊപ്പം
നീ എന്നും എന്നും എന്നോടൊപ്പം.

ആര്യലക്ഷമി വി.എസ്.
9C

# കിളിക്കൂട്

ഒരിടത്തൊരു അമ്മ കുരുവിയും മക്കളുംതാമസിച്ചിരുന്നു. മിന്നിയുടെ വീടിനടുത്തുള്ള മരത്തിലായിട്ടാണ് അമ്മ കുരുവി കൂടുവച്ചത്.ദിവസവും കുരുവികളുടെ ശബ്ദം കേട്ടാണ് മിന്നി ഉണരുന്നത്.മരത്തിൽ താമസിച്ചിരുന്ന കിളിയുടെ പേര് അവൾക്ക് അറിയില്ലായിരുന്നു.കിളിയുടെ പേര് അവൾ അമ്മയോട് ചോദിച്ചു.മോളേ അതാണു കുരുവി.അമ്മേ ഈ കുരുവി മരത്തിന് മുകളിൽ എന്തിനാണ് കൂടു വച്ചിരിക്കുന്നത്,താഴെ വച്ചൂടെ.കൂട് താഴെ വച്ചാൽ നമ്മൾ മനുഷ്യരും വലിയ പക്ഷികളും മറ്റും അവയെ നശിപ്പിക്കും.അതുകൊണ്ടാണ് അവ മുകളിൽ കൂടു വയ്ക്കുന്നത്.മിന്നിയുടെ മനസ്സിൽ കുറെയേറെ ചോദ്യങ്ങൾ കിടപ്പുണ്ടായിരുന്നു.പക്ഷെ അവൾ അതൊന്നും അമ്മയോട് ചോദിച്ചില്ല.

എല്ലാ ദിവസവും അവൾ കിളികളെ നിരീക്ഷിക്കുമായിരുന്നു,അവയ്ക്ക് ഭക്ഷണവും നൽകുമായിരുന്നു.ഒരു ദിവസം അമ്മക്കുരുവി തീറ്റതേടാനായിറങ്ങി.കുരുവിയുടെ മക്കൾ പേടിച്ച് കൂട്ടിൽ ഇരിക്കുകയായിരുന്നു.അപ്പോളതാ ഒരു പരുന്ത് പറന്ന് വരുന്നു.കുഞ്ഞുങ്ങൾ പതുക്കെ കൂടിന്റെ കമ്പുകൾക്കിടയിലേക്ക് ഒളിച്ചു.കുഞ്ഞുങ്ങളെ റാഞ്ചിക്കൊണ്ടു പോകാനാണ് പരുന്ത് വരുന്നതെന്ന് മിന്നിക്ക് മനസ്സിലായി.മുറ്റത്ത് കിടന്ന ഒരു കല്ലെടുത്ത് മിന്നി പരുന്തിനെ എറിഞ്ഞു.എന്നാൽ അത് പരുന്തിൻെ്റ ദേഹത്തു കൊണ്ടില്ല.പരുന്ത് കൂട്ടിൽ നോക്കിയപ്പോൾ ആരെയും കണ്ടില്ല. നിരാശനായ പരുന്ത് പോയതിനു ശേഷം കിളികൾ പുറത്തിറങ്ങി.കിളികൾ സുരക്ഷിതരാണെന്ന് മിന്നിക്ക് മനസിലായി.അപ്പോഴെക്കും അമ്മ കുരുവിവന്നു.കുഞ്ഞുങ്ങൾ എല്ലാം അമ്മയോട് പറഞ്ഞു. കുരുവിയൊന്ന് മൂളുന്ന മാത്രമാണ് മിന്നി കണ്ടത്.അമ്മപ്പക്ഷി കുഞ്ഞുങ്ങൾക്ക് ആഹാരം

കൊടുക്കുന്നത് കണ്ടപ്പോൾ മിന്നിയുടെ മുഖത്ത് പുഞ്ചിരി വന്നു.

പിറ്റേന്ന് രാവിലെകുഞ്ഞുങ്ങളുടെ കരച്ചിൽ കേട്ട് മിന്നി പുറത്തേക്കിറങ്ങി.നോക്കിയപ്പോൾ അമ്മപക്ഷി കൂട്ടിലില്ല.നല്ല മഴയും വരുന്നുണ്ട്.അതിനാലാണ് കുഞ്ഞുങ്ങൾ കരഞ്ഞതെന്ന് മിന്നിക്ക് മനസ്സിലായി.മിന്നി എന്തു ചെയ്യണമെന്നറിയാതെ നിന്നപ്പോഴാണ് മഴ തുടങ്ങിയത്.കുഞ്ഞുങ്ങൾ പതിയെ നടന്ന് നടന്ന് കൂടിനു പുറത്തിറങ്ങി.കൂടിനടിലെ കമ്പിൽ പിടിച്ചിരുന്നു.മഴ തീർന്നപ്പോൾ കുഞ്ഞുങ്ങൾ കൂട്ടിൽ കയരിയിരുന്നു.അമ്മക്കുരുവിയോട് കുഞ്ഞുങ്ങൾ എല്ലാം പറഞ്ഞു.ഇതു കേട്ടപ്പോൾ കുരുവിക്ക് സങ്കടം വന്നു.കുറച്ചു നേരം കുരുവി എന്തോ ചിന്തിച്ചു.

പിറ്റേന്ന് രാവിലെ കുരുവികളുടെ കരച്ചിൽ കേൾക്കാഞ്ഞിട്ട് മിന്നി താമസിച്ചാണ് എഴുന്നേറ്റത്.മിന്നി കൂട്ടിൽ ചെന്ന് നോക്കിയപ്പോൾ കൂടും കുരുവികളുമില്ല.അവൾ ആകെ വിഷമിച്ചു.കുറെ

ദിവസത്തേക്ക് അവൾ ആഹാരം കഴിക്കുകയോ പുറത്തേക്കിറങ്ങുകയോ ചെയ്തില്ല.അവളാകെ വല്ലാണ്ടായി.

കുറേ ദിവസം കഴിഞ്ഞ് കിളികൾ മടങ്ങിയെത്തി.കുഞ്ഞുങ്ങൾ വളർന്ന് വലുതായി.എവിടെ പോയിരുന്നവെന്ന് മിന്നി ചോദിച്ചപ്പോൾ,ഞങ്ങൾ ദൂരെ ഒരിടത്ത് പോയിരുന്നു എന്നാണ് കുരുവി പറഞ്ഞത്.എന്റെ കുഞ്ഞുങ്ങൾ അപകടത്തിലാവുമോ എന്നോർത്താണ് ഞാൻ പോയത്.ഞാൻ പോയ സ്ഥലം നല്ലതായിരുന്നു.പക്ഷെ,എനിക്കും എന്റെ കുഞ്ഞുങ്ങൾക്കും മിന്നിയെ കാണാതിരിക്കാൻ വയ്യായിരുന്നു.പിന്നീടുള്ള കാലം മിന്നിയും കുഞ്ഞുങ്ങളും സന്തോഷത്തോടെ ജീവിച്ചു.

[ഗുണപാഠം:പ്രതിസന്ധി കാണുമ്പോൾ പേടിച്ചോടുകയല്ല വേണ്ടത്,മറിച്ച് അതിനെ നേരിടുകയാണ് വേണ്ടത്.ആപത്തുകൾ വരുന്നെന്ന്

കാണുമ്പോൾ അതിനെ തടയാനുള്ള വഴി കാണണം.]

ദേവികൃഷ്ണ .എസ്സ്.ആർ
6 D

# ആർജ്ജവം

ആ പെരുമഴയിലും അവൾ ചലനമറ്റു നിന്നു.കാരണം ഇതിനേക്കാളെത്രയോ ഏറെ അവൾ സഹിച്ചിട്ടുണ്ട്.ഹൃദയത്തെ കല്ലാക്കി നിന്ന എത്രയോ സന്ദർഭങ്ങൾ.ജീവിതത്തിന്റെ വിശാലമായ കടലിൽ അവൾക്കു എതിരെ വന്ന നിഷ്ഠൂരമായ ചുഴലിക്കാറ്റിന്റെ സ്വരം വിവരിക്കാനാവില്ല.കാതുകൾ പിളർന്നുപോകുന്ന ശബ്ദത്തോടെ ഇടിയും മിന്നലും.....അവൾ തന്റെ പഴയലോകത്തേക്ക് കാതോർത്തു.

ഇങ്ങനെയൊന്നുമല്ലായിരുന്നു അവൾ.പാലൂറുന്ന പുഞ്ചിരിയൂറുന്ന ഒരു തൊട്ടാവാടിപ്പെണ്ണ്.കുറുമ്പും കുസൃതിയും നിറഞ്ഞതായിരുന്നു അവളുടെ ജീവിതം.തന്റെ അമ്മയേക്കാളും അവൾ സ്നേഹിച്ചിരുന്നത് അവളുടെ മുത്തശ്ശിയേയും മുത്തശ്ശനേയും ആയിരുന്നു.അവരുടെ കൊച്ചുലോകത്തിൽ അവൾ വളർന്നു.സ്വപ്നങ്ങളുടേയും മാന്ത്രികലോകത്തിന്റെ കൂട്ടുകാരിയായ അവളെ എല്ലാവരും സ്വപ്നക്കുട്ടി എന്നു വിളിച്ചു.എന്നാൽ അധികമാർക്കും അറിയാത്ത ഒരു കുസൃതിപ്പേരുണ്ട് അവൾക്ക്.തൊട്ടാവാടി.മുത്തശ്ശന്റെയും മുത്തശ്ശിയുടേയും കൊച്ചുലോകത്തിൽ അവൾക്കു വിഷമങ്ങൾ വെറും വിരുന്നുകാർ മാത്രം.എന്നാൽ ശാന്തമായ ആ കടൽ അവളുടെ പരിമിതമായി മാത്രമേ വിധിച്ചിട്ടുള്ളായിരുന്നു.ഏതോ അഗാധതയിൽ

മുങ്ങിപ്പോയതുപോലെ അവളുടെ മുത്തശ്ശിയും മുത്തശ്ശനും അവളുടെ അരികിൽ നിന്നുപോയി.ചെറിയ കുറുമ്പുകൾ സഹിച്ചുവന്ന ആ തൊട്ടാവാടിപ്പെണ്ണിന്റെ ജീവിതത്തിൽ അതൊരു തീരാനഷ്ടമായിതന്നെ നിന്നു.എങ്കിലും ജീവിത യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി അവൾ തിരികെ വന്നു.ഇന്നവൾ ഒരു യുവതിയാണ്.യൗവനത്തിന്റെ കാൽച്ചുവട്ടിൽ ഒറ്റക്കായി പോകുന്ന ഒരു തൊട്ടാവാടിപ്പെണ്ണ്.യൗവനത്തിന്റെ അതിസുന്ദരമായ അവസ്ഥയിൽ ..പക്ഷേ അവൾക്കു നേരിടേണ്ടി വന്നത്  ഒരു ദുരന്തത്തെയാണ്.സമകാലീന സമൂഹത്തിൽ ഒറ്റപ്പെടുന്ന ഒരു യൗവനത്തുടിപ്പിന്റെ അതി ദയനീയമായ അവസ്ഥ.ആ രാത്രിയിൽ നിശാന്തതയുടെ കോട്ടയിൽ നിലാവിന്റെ നേരിയ വെളിച്ചത്തിൽ അവൾക്ക് എന്തോ നഷ്ടപ്പെട്ടതുപോലെ തോന്നി.കഴുകൻ പിച്ചിച്ചീന്തിയ അവളുടെ ജീവിതം ഇനിയും ബാക്കിയായി.ഇരുട്ടിന്റെ മുറിയിൽ ഒറ്റപ്പെട്ട ചെറുവിളക്കായി അവൾ മാറി.കത്തിയെരിയുന്ന ആ തീജ്വാല ഏതൊരു പെരുമഴയത്തും അണയില്ല കാരണം ഒരു സ്ത്രീയ്ക്കു ശരീരം മാത്രമല്ല ഒരു വ്യക്തിത്വവും ഒരു മനസ്സും ഉണ്ടെന്നും ഏവൾ മനസ്സിലാക്കിക്കഴിഞ്ഞു.സമൂഹത്തിന്റെ മുൻപിൽ ഇന്നവൾ കത്തിയെരിയുന്ന  ഒരു വിളക്കായി അവൾ ബാക്കി..... പക്ഷെ ആഹ്ളാദവതിയായി...

**ആത്മീയ അനിൽ**

9 സി

# DISASTER MANAGEMENT IN KERALA

*The disaster affected in kerala can be described in words. The flood affected fast month was a dreadful memory in our mind. Many people had lost their lives,some of them lost their shelter while others lost their valuable utilities. All dams through out kerala were shuttered up. The disaster had no precaution. It was an unpredictable situation. The roads,river banks,buildings,offices,*
*work shipping centres ,schools etc.... kerala were damaged in the flood. After the disaster,the disaster management in kerala is flourishing very fastly. After the flood, disaster management can mould kerala to the previous condition Disaster management in kerala play a major role in moulding the*
*society of kerala back. The disaster management offices could not manage the problems till now. So many peoples are staying in distress relief camps till now.They could not leave to their home because they have no hope about their home.*

*The irresponsibility of officers was the main reason for these. If they would do their duties properly,they could save the lives of many people.*

*MEERA LEKSHMI*
8D

# *THE SHADE OF LOVE*

*love is like a war*
*It will birth from*
*The deep affection*
*The taste of love is*
*Very passionate in my life*



*When we felt on a love*
*The love is like a rain*
*It will come at the right time of life*
*O heart..O heart!*
*O the bleeding drops of love*

*Between our love*
*we each other are shades*
*O love ! My love !*
*The shade of my life*
*Sweet full time of life*

*sanjana.m.s*
***s.t.d 9D***

# SUN RISE



Sun rises in the east
We are enjoy and play
and healthy and healthy everyday.

When the sun up,I wake up
When the sun down,I take rest.

The sweety birds mak
beautiful sounds and music.
The clear blue sky
The sea so deep

We whom earth in everytime
Sun was be here to lighten,
Sun rises sea and the butterflies wake up.

Sun rises Sun rises
From the people wake up.
And do their job
Childrens going to school.

Sun rises Sun rises
you are the wonder,
line in the world,
you are very heat.

Sun rises Sun rises
you are the great one
in the world,
you are a star.

AATHMIKA
6 C



# ചങ്ങമ്പുഴയുടെകാൽപനികത

*മലയാളത്തിൻെറയുവതാരനിരയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഒരു കവിയാണ് ചങ്ങമ്പുഴകൃഷ്ണപ്പിള്ള.മലയാളത്തിൽ എന്നും നിത്യവസന്തമായി നിൽക്കുന്ന രമണൻ എന്ന കൃതിയുടെ കർത്താവ്.കവിതകൾ രചിക്കുന്ന ശൈലിയിൽ തന്റേതായതും വ്യത്യസ്തമായതുമായി പൊടികയ്യുകൾ ചേർത്താണ് ചങ്ങമ്പുഴ തന്റെ കൃതികൾ രചിക്കുന്നത്.*

*വ്യക്തിജീവിതത്തിന്റെ മാതൃക*

കവിതകളിലൂടെ അടിവരയിട്ടു കാണിക്കുന്നു എന്ന് പറയാം. ഉദാഹരണമായി അന്നത്തെ ജന്മി-കുടിയാൻ സമ്പ്രദായത്തിനെ പ്രധാനവിഷയമാക്കികൊണ്ട് അദ്ദേഹം രചിച്ച കവിതയാണ് വാഴക്കുല. തികച്ചും പച്ചയായജീവിതത്തെ ആവിഷ്ക്കരിച്ചുകൊണ്ട് കവിതകൾക്ക് പുത്തൻ ജീവിതങ്ങളും സമൂഹത്തിന് പോലും ചെറിയ മാറ്റങ്ങളും നൽകാൻ ചങ്ങമ്പുഴയ്ക്ക് കഴിയുന്നുണ്ടെന്ന് പറയാം. തന്റെ ജീവിതത്തെയും താൻ ജീവിക്കുന്ന ഘടനയെയും ചങ്ങമ്പുഴ പലപ്പോഴും കവിതകളിൽ ആവിഷ്ക്കരിക്കുന്നുണ്ട്. തന്റെ ഉറ്റസുഹൃത്തായ 'ഇടപ്പള്ളിരാഘവൻ മേനോന്റെ' വിലാപത്തോട് പൊരുത്തപ്പെടാനും അദ്ദേഹത്തിന്റെ ജീവിതം പച്ചയായി ആവിഷ്ക്കരിക്കാനും ചങ്ങമ്പുഴ എഴുതിയ കവിതയാണ് 'രമണൻ'.

"കാനനച്ഛയയിൽ ആടുമേയ്ക്കാൻ
ഞാനും വരട്ടയോ നിന്റെ കൂടെ
പാടില്ല പാടില്ല പാടെ നമ്മൾ
പാടെ മറന്നൊന്നും ചെയ്തുകൂടാ"

തികച്ചും യുവാക്കളെ ഹരം കൊള്ളിക്കുന്ന ഒരു പ്രണയകാവ്യം കൂടിയാണ് രമണൻ. പച്ചയായജീവിത്തിന്റെ ഉള്ളറകളിൽകൂടി സഞ്ചരിച്ചുകൊണ്ടാണ് ചങ്ങമ്പുഴ കൃതികൾ രചിക്കുന്നത്.

പ്രകൃതിയുടെ സൗന്ദര്യം ലൗകിക ജീവിതത്തോടുകൂടി ഉപമിച്ച കവിതകൾ എഴുതുന്ന ഒരു കവിയാണ് ചങ്ങമ്പുഴ.

“ പച്ചിലക്കുടിൽ പഴുതിങ്കലൂടതാ കാണ്മൂ

## പശ്ചിമാംബരത്തിലെ പനിനീർ പൂന്തോട്ടങ്ങൾ"

പ്രകൃതിയുടെ സൗന്ദര്യത്തെ നിസ്വാർത്ഥമായി അവതരിപ്പിക്കുകയാണ് ചങ്ങമ്പുഴ ഇവിടെ.കവിതവായിക്കുന്ന വ്യക്തിയ്ക്ക് താൻ അത് യാഥാർഥ്യമായി ആസ്വദിക്കുകയാണെന്നേ തോന്നൂ എന്നതാണ് ചങ്ങമ്പുഴയുടെ പ്രത്യേകത.അറിയാതെ നമ്മളിൽ പ്രകൃതിയെ ആസ്വദിക്കാൻ പ്രേരിപ്പിക്കുകയാണ് ചങ്ങമ്പുഴ.തന്റെ ജീവിതത്തിന്റെ പടയോട്ടത്തിൽ താൻ മറന്നു പോകുന്ന ആസ്വാദകരമായ പ്രകൃതി നിമിഷങ്ങളെ കവിതകളിലൂടെ അദ്ദേഹം ആവിഷ്കരിക്കുന്നു.

ചെറുതെന്നും കാലത്തിന്റേതും;സമൂഹം അങ്ങനെ ആണെന്നും നാം വിശ്വസിക്കുന്ന കാര്യങ്ങളെ പച്ചയായി ആവിഷ്കരിക്കുകയാണ് അദ്ദേഹം കവിതകളിൽ.സാമൂഹിക പശ്ചാത്തലവുമായും വ്യക്തി ജീവിതവുമായും ബന്ധപ്പെടുത്തി വിവിധ കാര്യങ്ങളെ സമൂഹത്തിന്റെയും ലോകത്തിന്റെയും മുമ്പിൽ അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്.ജീവിതത്തിന്റെ വിശാലമായ തിരയിൽ അണഞ്ഞു പോയ ആ വിളക്ക് ഇന്നും മലയാള പ്രസ്ഥാനത്തിൽ ജീവിക്കുന്നു.ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളായ ബാല്യം,കൗമാരം,യൗവ്വനം എന്നിവയെ ആസ്പദമാക്കിയാണ് ചങ്ങമ്പുഴ കവിതകൾ ഇന്നും നിലകൊള്ളുന്നത്.ഇതിൽ യൗവ്വനത്തിന്റെ കാൽച്ചുവട്ടിൽ നിന്ന് ചങ്ങമ്പുഴ എഴുതിയ കവിതൾ മലയാളപ്രസ്ഥാനത്തിനെ തന്നെ ആടിയുലയ്ക്കുന്നവയാണ്.ഇന്നും മലയാളത്തിലെ

*കവിതാസമ്പ്രദായത്തിൽ കത്തിയെരിയുന്ന വിളക്കായി ചങ്ങമ്പുഴ കവിതകൾ തുടരുന്നു.*

*ആത്മീയ അനിൽ*

*9 C*

# *MOONLIGHT*

In a small village there lived a family of father, mother and a child .The father is a farmer and his mother has no job. He was born on the night and his favourite time is in the night. He like moon and moonlight because his father and he was seen only at the night and he loved his father very much. His father was very busy by farming. Some days his father did not come to home,that time the son Arjun talk to the moon as talking like his father. He loved the full moon he wait several days to see the full moon. His mother was very poor his mother make so many delicious food for him. His father like the children. So his father do so many good things to the poor children who do not have father and mother he helped many other people also. In the flood the farm has completely exhausted and they did not have good shelter, food and cloths. In that time he get help by so many people so their help him by giving food and shelter . He become very happy because he get the result of help that he do to many other people. His effort make the farm back and his families happiness. He loved his father because his family rebuild by father effort and with out him .The family is nothing then onwards he consider the moon as the people who helped him by this . He loved the moon and moonlight twice.

ANANDHAKRISHNAN

9 C

# ENGLISH LANGUAGE IN SCHOOL EDUCATION

English is our regional language . In Kerala only 50% of students know English. In London most of the school are English medium .the students must be talk in English only.

In KERALA most of the state syllabus school want to conduct Hello English program .This program is conducting for the development of student in English . This is a nice scheme for students . We have to learn English , because when we go to other country's we wants to use English . In C B S E schools students must talk English . Before some days all the schools of KERALA want to use English to develop the use of English . Study of English make us a perfect person . We want to respect our regional language. English is necessary till our death. English is must where our we go we can easily study English with in day's. English is a very good language to hear .The extremist is afraid of education . And also they afraid of pen and books “The pen is mighter than the sword ” If we want to write we want to know language . We can speak malayalam only in some countries. In all countries malayalam are there . Same way ENGLISH peoples are also in every countries . When we start a speech most of we tell in ENGLISH . we should speak ENGLISH .We want

to obey our ENGLISH language .

Devikrishna.S.R
6 D

# കാലം തിരികേ വരുമോ

അന്ന് എൻ ബാല്യകാലത്തിൽ ഞാൻ
ഉല്ലസിച്ച നടന്നീടുന്ന എൻ അമ്മ
തൻ മടിയിൽ ചാഞ്ഞു ഉറങ്ങീടുന്ന
ഹാ! എന്തു രസമായിരുന്ന ആക്കാലം
ഇന്ന് എൻ കൗമാരവും യൗവനവും
കഴിയവേ ആ കാലം സുഖങ്ങൾ
ഓർക്കുക ഞാൻ ആ കാലത്തെ
ഞാൻ ഓർക്കുമ്പോൾ!
ഹാ അന്നാ സുഖങ്ങൾ ഞാൻ
ആസ്വദിക്കവേ ഈക്കാല
സുഖങ്ങൾ ഞാൻ കയ്പ -
മാധുര്യത്തോടെ ആ
സുഖങ്ങൾ മറക്കുന്ന ആ
ക്കാല സുഖത്തെ ആസ്വദി -
ച്ച നിൽക്കവേ ഞാൻ
മാധുര്യത്തോടെ സന്തോഷിക്കുമോ
ആ ബാല്യം എവിടെ പോകവേ
കാലം പോയി കാലം പോയി...

ഭവ്യ .വി എസ്
10 E


E-learning
E-learning
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION